സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കേന്ദ്രത്തിന്റെ ധനസഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ക്ഷീരമേഖലയിൽ വെഞ്ചർ കാപ്പിറ്റൽ ഫണ്ട് (സംരംഭക മൂലധനനിധി) ലൂടെ വായ്പയെടുക്കുന്ന കർഷകർക്ക് അവരുടെ പലിശയിന്മേൽ ധനസഹായം നൽകിവരുന്ന പദ്ധതിയാണ് ഇത്. കൃഷി വകുപ്പ് മുഖേന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം നെൽക്കൃഷി കർഷകരിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു. ഇതിനായി 2.5 കോടി രൂപ കൃഷി വകുപ്പിൻകീഴിൽ അനുവദിച്ചിട്ടുണ്ട്.

(ബി) സൊസൈറ്റികൾ അളന്നു കൊടുക്കുന്ന പാലിന്റെ അളവിന് ആനുപാതികമായി ലിറ്ററിന് 40 പൈസ നിരക്കിൽ സംഘങ്ങളിൽ നിന്ന് അവർ വാങ്ങുന്ന കാലിത്തീറ്റയ്ക്ക് കിലോയ്ക്ക് ഒരു രൂപ വീതം കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഉൽപാദന ശേഷിയുള്ള ജേഴ്സി, എച്ച്.എഫ്. ബ്രൗൺ സ്വിസ്സ് തുടങ്ങിയ സങ്കരയിനം പശുക്കളുടെ വ്യാപനമാണ് വകുപ്പ് നടപ്പിലാക്കുന്നത്.

ക്ഷീരമേഖലയിൽ നിന്ന് കർഷകർ കൊഴിഞ്ഞ് പോകുന്നത് തടയാൻ നടപടി

136 (202) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്കുവേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) ക്ഷീരമേഖലയിൽ നിന്ന് കർഷകർ കൊഴിഞ്ഞു പോകുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്കുവേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാന പദ്ധതികൾ :

(i) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി : ഉൽപ്പാദനക്ഷമതയുള്ള സങ്കരയിനം കന്നുകാലികളെ സംസ്ഥാനത്തിന് പുറത്ത് നിന്ന് വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

(ii) തീറ്റപ്പുൽ കൃഷി വികസന പദ്ധതി : പാലിന്റെ ഉല്പാദന ചെലവ് കുറച്ച്, പാലുൽപ്പാദനം ലാഭകരമാക്കുന്നതിന് ക്ഷീരകർഷകനെ സഹായിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

(iii) കാലിത്തീറ്റ സബ്സിഡി പദ്ധതി : വിപണിയിൽ ലഭ്യമാക്കുന്ന കാലിത്തീറ്റയുടെ വില കർഷകന് താങ്ങാവുന്നതിലും അധികമാണ്. ഇതിനൊരു സഹായമാകും എന്ന നിലയ്ക്ക് അവർ വാങ്ങുന്ന കാലിത്തീറ്റക്ക് ധനസഹായം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി.

(iv) ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും : ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതനമായ ആശയങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിനും കന്നുകാലി പരിപാലനം ലാഭകരമാക്കുന്നതിനും സഹായിക്കുന്ന പദ്ധതിയാണിത്.

(v) പാൽഗുണനിലവാര പരിശോധന ലാബുകളുടെ ശാക്തീകരണം : ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരുടെ പാൽ ഗുണനിലവാരം പരിശോധിച്ച് അവർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ഏറെ പ്രയോജനപ്പെടും.

(vi) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവത്കരണം : ക്ഷീരകർഷകർ ഉൽപാദിപ്പിച്ച് പ്രാദേശികമായി വിറ്റഴിച്ചതിനുശേഷം മിച്ചം വരുന്ന പാൽ സംഭരിച്ച് വിപണനം ചെയ്യുന്ന ഗ്രാമീണ വിപണിയാണ് ക്ഷീര സംഘങ്ങൾ. ക്ഷീരകർഷകരുടെ സ്ഥിരമായ വിപണി എന്നതുപോലെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാൽ നൽകുന്ന കേന്ദ്രവും ഇതു തന്നെയാണ്. ഇരു കൂട്ടർക്കും ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുന്നതിന് ക്ഷീരസംഘങ്ങൾ ആധുനികവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്.

2. കേന്ദ്ര പദ്ധതി :

(i) *RKVY* : രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം തീറ്റപ്പുൽ കൃഷി, കാലിത്തീറ്റ സബ്സിഡി വേനൽകാലത്തും ഗർഭകാലത്തും പശുക്കൾക്ക് കാലിത്തീറ്റ നൽകുന്ന പദ്ധതി, കിടാരി വളർത്തൽ യൂണിറ്റ് നടത്തുന്നതിനുള്ള സബ്സിഡി, പശു പരിപാലനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുത്തുന്നു.

(ii) *SIQ & CMP* : ഈ പദ്ധതി പ്രകാരം ക്ഷീര കർഷകർക്ക് പരിശീലനം നൽകുന്നു. സഹകരണ സംഘങ്ങളിലെ BMC ധനസഹായം, ക്ലീൻ മിൽക്ക് പ്രോഡക്ട് കിറ്റ് തുടങ്ങിയവയ്ക്ക് സഹായം നൽകിവരുന്നു. ഇത് കൂടാതെ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഴി വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ഇൻഷ്വറൻസ് പദ്ധതി, കുളമ്പുരോഗ ചികിത്സാ ധനസഹായം എന്നിവയും നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകർക്കുവേണ്ടി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പദ്ധതികൾ :

(i) മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും : ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ മൃഗാശുപത്രികൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നു. മൃഗാശുപത്രികൾവഴി ക്ഷീരകർഷകരുടെ കന്നുകാലികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിവരുന്നു.

(ii) ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് : മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കന്നുകാലിരോഗ നിയന്ത്രണത്തിനുള്ള പ്രതിരോധമരുന്നുകൾ ഉൽപാദിപ്പിച്ച് മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കുന്നു.

(iii) രോഗവിമുക്ത മേഖലാ പദ്ധതി : കുളമ്പുരോഗ നിവാരണത്തിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ സാങ്കേതിക സഹായത്തോടെ സമഗ്ര പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നു.

(iv) ഊർജ്ജിത കന്നുകാലി വികസന പദ്ധതി : ഈ പദ്ധതി പ്രകാരം ക്ഷീര കർഷകരുടെ കന്നുകാലികൾക്ക് സങ്കര പ്രജനനം നടത്തുന്നു.

(v) കന്നുകാലി ഫാമുകളുടെ ശക്തിപ്പെടുത്തൽ : മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമുകളിൽ ആവശ്യത്തിന് കന്നുകുട്ടികളെ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു.

(vi) വികസനവും പരിശീലനവും : ഈ പദ്ധതി പ്രകാരം കന്നുകാലി പരിപാലനം, ആദായകരമായ ക്ഷീരോൽപാദനം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(vii) കന്നുകുട്ടി പരിപാലന പദ്ധതി : ക്ഷീരകർഷകരുടെ ഉടമസ്ഥത യിലുള്ള സങ്കര വർഗ്ഗ കന്നുകുട്ടികളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഉൽപ്പാദനശേഷി കൂടിയ കന്നുകാലി സമ്പത്ത് വാർത്തെടുക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, രോഗപരിരക്ഷ എന്നിവ നൽകുകയും ചെയ്യുന്നു.

(viii) സംരംഭക മൂലനിധി : സംരംഭക മൂലധന സഹായത്തിനായി ക്ഷീരമേഖലയിൽ വായ്പ ലഭ്യമാക്കുന്ന കർഷകരുടെ വായ്പയിന്മേലുള്ള പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ix) കന്നുകാലി ഇൻഷ്വറൻസ് പദ്ധതി : ക്ഷീരകർഷകരുടെ വിലപ്പെട്ട ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി സംരക്ഷണം നൽകുന്ന പദ്ധതിയാണിത്.

(x) ഭക്ഷ്യ സുരക്ഷാ പദ്ധതി : ആഭ്യന്തര പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ബൃഹത് പദ്ധതിയാണിത്.

(xi) സംയോജിത കന്നുകാലി വികസനം (ക്ഷീരഗംഗാ പദ്ധതി) : ഒരു കർഷകന് 3 പശുക്കളും 2 എരുമകളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

(xii) വെറ്ററിനറി സർവ്വീസ് : ക്ഷീരകർഷകർക്ക് അവരുടെ ഉരുക്കളെ ആരോഗ്യപരമായ രീതിയിൽ പരിപാലിക്കുന്നതിന് യഥാസമയം വേണ്ട സേവനം ലഭ്യമാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്.

കേന്ദ്ര പദ്ധതികൾ :

(i) കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി : കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും 100% ധനസഹായം ലഭിക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ii) കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള സഹായം : 75 % കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതിയാണിത്. ഇത് ദേശീയ സാമ്പത്തിക പ്രാധാന്യമുള്ള രോഗങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്.

(iii) സംയോജിത കന്നുകാലി വികസന പദ്ധതി : ഇത് ഒരു ഒറ്റത്തവണ കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള പദ്ധതിയാണ്.

(iv) വിദർഭാ പദ്ധതി : ആത്മഹത്യാ പ്രേരിത ജില്ലകളായ കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിലെ കർഷകരുടെ പുനരധിവാസത്തിനായി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, സുനാമി പുനരധിവാസ പദ്ധതി, ഗോസുരക്ഷ കന്നുകാലി ഇൻഷ്വറൻസ് എന്നീ കേന്ദ്ര പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീരവികസന വകുപ്പിൽനിന്നും ക്ഷീരകർഷകരെ സഹായിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സങ്കരയിനം പശുക്കളെ വാങ്ങുന്നതിന് എം.എസ്.ഡി.പി. പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് കാലിത്തീറ്റ സബ്സിഡിയും തീറ്റപ്പുൽ കൃഷി വികസന പദ്ധതി പ്രകാരവും ധനസഹായം നൽകുന്നു. ക്ഷീരകർഷക ക്ഷേമനിധി രൂപീകരിച്ച് ക്ഷീര കർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, കർഷക അവാർഡുകൾ, ഇൻഷ്വറൻസ്, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവ നൽകിക്കൊണ്ട് ക്ഷീരകർഷകരുടെ ഈ മേഖലയിലുള്ള കൊഴിഞ്ഞു പോക്ക് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളിൽ പാലിന് ഇൻസെന്റീവ് തുടങ്ങിയവയും നൽകിവരുന്നു. ഇതു കൂടാതെ, മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതികളിലൂടെയും കർഷകരെ സഹായിക്കാനും ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly